## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 49** **04.02.2013-ൽ മറുപടിയ്ക്ക്**

### സർക്കാർ ജീവനക്കാരുടെ പണിമുടക്കിനോടനുബന്ധിച്ചുള്ള കേസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ. കെ. ബാലൻ, എം.എൽ.എ** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) ജനുവരി 8 മുതൽ നടന്ന സർക്കാർ ജീവനക്കാരുടെ പണിമുടക്കിനോടനുബന്ധിച്ച് എത്ര ജീവനക്കാരെ സസ്പെൻഡ് ചെയ്തു;<br>(ബി) തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;<br>(സി) ഇതിൽ എത്ര ജീവനക്കാരുടെ പേരിൽ ക്രിമിനൽ കേസ്സുകൾ എടുത്തിട്ടുണ്ട്;<br>(ഡി) എത്ര ജീവനക്കാരുടെ സസ്പെൻഷൻ ഇതിനകം പിൻവലിച്ചിട്ടുണ്ട്;<br>(ഇ) പണിമുടക്കിനോടനുബന്ധിച്ച് സംസ്ഥാനത്ത് എത്ര ജീവനക്കാരെ അറസ്റ്റ്ചെയ്ത് കോടതിയിൽ ഹാജരാക്കി;<br>(എഫ്) തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;<br>(ജി) ഇതിൽ എത്ര പേർക്ക് കോടതി ജാമ്യം അനുവദിച്ചു;<br>(എച്ച്) എത്ര പേർ ഇപ്പോഴും ജയിലിലുണ്ട്;<br>(ഐ) പണിമുടക്കിൽ പങ്കെടുക്കാതെ പണിമുടക്ക് ദിവസങ്ങളിൽ പണിമുടക്കിയ ജീവനക്കാരുമായി വിവിധ ഓഫീസുകളിൽ സംഘർഷം സൃഷ്ടിച്ചതിന്റെ പേരിൽ SETO നേതാക്കളുടെ പേരിൽ കേസ്സുകൾ രജിസ്റ്റർ ചെയ്തി ട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; | ചോദ്യം (എ)മുതൽ(ഐ) വരെ<br>വിവരം ശേഖരിച്ചു നൽകുന്നതാണ്. |

| | | |
|---|---|---|
| (ജെ) | പണിമുടക്കിൽ പങ്കെടുക്കാത്തവർ ഓഫീസിലിരുന്ന് ജോലി ചെയ്യുന്നതിന് പകരം ഒപ്പിട്ടു മുങ്ങുന്നതായി പത്ര/ദൃശ്യ മാധ്യമങ്ങളിൽ വന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ജെ) യും (കെ) യും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (കെ) | ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ നിലപാട് എന്താണ്? | |

സെക്ഷൻ ഓഫീസർ